വഴി നടപ്പാക്കണമെന്നു വെള്ളോടികമ്മിറ്റിയുടെ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. വിശദാംശങ്ങളും തീർച്ചപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങളും തീർച്ചപ്പെടുത്തുമ്പോൾ ജനസംഖ്യ സ്ഥലവിസ്തൃതി മുതലായ വസ്തുതകളും പരിഗണിക്കാവുന്നതാണ്.

(സി) വിശദാംശങ്ങളും തീർച്ചപ്പെടുത്തികഴിഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

STARRED QUESTIONS POSTED FOR ANSWER ON 16-3-1970

എൻജിനീയറിംഗ് സ്റ്റുഡൻസിന്റെ സമരം

* 67. (661) ശ്രീ. വി. വി. കുഞ്ഞാമ്പു:
,, എം. സദാശിവൻ:
,, എസ്. ഭാസ്കരൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, എൻ. വാസുദേവൻ പിള്ള:
,, എ. എസ്. പുരുഷോത്തമൻ:
,, ഇ. വി. കുമാരൻ:
,, എ. പി. കുര്യൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, സി. വാസുദേവമേനോൻ:
,, എം. കെ. എ. ഹമീദ്:
,, സി. കെ. ബാലകൃഷ്ണൻ:
,, എ. വി. ആര്യൻ:
,, ടി. എം. മീതിയൻ:
,, ഇ. എം. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജ് സ്റ്റുഡൻസ് ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നറിയുന്നത് ശരിയാണോ;

(ബി) ആണെങ്കിൽ കാരണമെന്ത്;

(സി) പ്രസ്തുത വിദ്യാർത്ഥികളും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും എന്തെല്ലാം?

(ഡി) ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) സംസ്ഥാനത്തെ ചതുർവത്സരഎൻജിനിയറിംഗ് വിദ്യാർത്ഥികളും കഴിഞ്ഞ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉദ്ദേശം 50 ദിവസങ്ങളോളം നീണ്ടുനിന്ന ഒരു സമരത്തിലായിരുന്നു. എന്നാൽ 23-2-1970-ൽ സെക്രട്ടറിയറ്റ് ഡർബാർഹാളിൽകൂടിയ ഒരു ഉന്നതസമ്മേളനത്തിനുശേഷം ഫെബ്രുവരി അവസാനവാരത്തിൽ അവർ സമരം പിൻവലിക്കുകയും പഠനം പുനരാരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻജിനീയറിംഗിലും ടെക്നോളജിയിലുമുള്ള അടിസ്ഥാന ബിരുദങ്ങളും കുറഞ്ഞത് 5 വർഷത്തെ ദൈർഘ്യമുള്ളവയായിരിക്കണമെന്ന് ആൾ ഇൻഡ്യാ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ശുപാർശ ചെയ്യുകയും ആ ശുപാർശ സ്വീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റു മേൽ നടപടിക്രമങ്ങൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും മറ്റും 1969–ഡിസംബർ ആദ്യം എഴുതുകയുണ്ടായി. ഈ കത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ സർവ്വകലാശാലകളും നടത്തുന്ന നാലുവർഷ എൻജിനീയറിംഗ് ബിരുദത്തിന് മറ്റു സംസ്ഥാനങ്ങളും സർവ്വകലാശാലകളും അംഗീകാരം നൽകുകയില്ല എന്നുള്ള ആശങ്ക മൂലമാണ് വിദ്യാർത്ഥികളും സമരം ആരംഭിച്ചത്. ആൾ ഇൻഡ്യാ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ ശുപാർശകളും വെറും ശുപാർശകളും മാത്രമാണെന്നും കേന്ദ്രഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്ക് അവരുടെ അംഗീകാരത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(സി) പ്രധാനമായി ഒരാവശ്യമേ വിദ്യാർത്ഥികളും ഉന്നയിച്ചിട്ടുള്ളു. ഇപ്പോഴുള്ള ചതുർവത്സരകോഴ്സിനുശേഷം പ്രതിമാസം 250 രൂപവച്ച് ഓരോ വിദ്യാർത്ഥിക്കും സ്റ്റൈപന്റു കൊടുത്ത്, ഒരുവർഷത്തെ പ്രയോഗിക പരിശീലനം അവർക്ക് നൽകണമെന്നും അങ്ങിനെ അവരെ അഞ്ചു വർഷ കോഴ്സുകാരാക്കിത്തീർക്കണമെന്നുമാണ് അവരുടെ ആവശ്യം.

(ഡി) ഗവൺമെന്റ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രഗവൺമെന്റിലും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനിലും, ഇന്റർയൂണിവേഴ്സിറ്റിബോർഡിലും സമ്മർദ്ദം ചെലുത്തുകയുണ്ടായി. ആൾ ഇൻഡ്യാകൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ ശുപാർശകളും ഒരുതരത്തിലും അടിച്ചേൽപ്പിക്കുകയില്ലെന്നും നിയമനങ്ങൾക്കും ഉയർന്ന തസ്തികകളിലേക്കുള്ള കയറ്റങ്ങൾക്കും കേരളത്തിലെ സർവ്വകലാശാലകളും നൽകുന്ന ബിരുദങ്ങളും കേന്ദ്രഗവൺമെന്റു അംഗീകരിച്ചിട്ടുണ്ടെന്നും കേന്ദ്രഗവൺമെന്റു സംസ്ഥാന ഗവൺമെന്റിനു വിശദീകരണം നൽകിയിട്ടുണ്ട്. ഇന്റർയൂണിവേഴ്സിറ്റി ബോർഡ് ഫെബ്രുവരി ആദ്യവാരത്തിൽ മധുരയിൽ കൂടിയപ്പോഴും അംഗീകരിച്ച പ്രമേയവും നമുക്കനുകൂലമാണ്.

23–2–1970–ൽ സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽവച്ച് ബന്ധപ്പെട്ട എല്ലാവരേയും ചേർത്തു കൂടിയ ഉന്നതതലസമ്മേളനത്തിൽ ചില തീരുമാനങ്ങൾ ഗവൺമെന്റു കൈക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളും ഗവൺമെന്റും ഒത്തൊരുമിച്ച് ഈ പ്രശ്നത്തിൽ വേണ്ട മേൽനടപടികളും ത്വരിതഗതിയിൽ സ്വീകരിച്ചു വരികയുമാണ്.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹായത്തോടെയുള്ള സമരങ്ങൾ.

68. (664) ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സമരങ്ങൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സഹായത്തോടെ സംഘടിപ്പിച്ചു;

(ബി) അവയിൽ എത്രപേർക്ക് ജീവഹാനി ഉണ്ടായി;

(സി) എത്രപേർക്ക് മുറിവേറ്റു?

LIBRARY ARCHIVES Kerala Legislative Assembly